## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3310** **19.10.2016-ൽ മറുപടിയ്ക്ക്**

## വിവിധ പദ്ധതികളിലായി പ്രവൃത്തി ആരംഭിച്ച പട്ടികവർക്കാരുടെ വീടുകൾ

**ചോദ്യം**
**ശ്രീ.സി. കെ. ശശീന്ദ്രൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | വയനാട് ജില്ലയിൽ മുൻവർഷങ്ങളിൽ വിവിധ പദ്ധതികളിലായി പ്രവൃത്തി ആരംഭിച്ച് പൂർത്തിയാകാത്തതും, ഉപയോഗയോഗ്യമല്ലാതെയുമുള്ള പട്ടിക വർഗക്കാരുടെ എത്ര വീടുകളുണ്ട്; | എ) | ലഭ്യമായ വിവരങ്ങൾ പ്രകാരം വയനാട് ജില്ലയിൽ 2011-12 സാമ്പത്തികവർഷം മുതൽ അനുവദിച്ചതിൽ നാളിതുവരെ പണി പൂർത്തീകരിക്കാത്ത 3836 വീടുകൾ (ഹഡ്കോ ഭവനനിർമ്മാണം, എ.ടി.എസ്.പി ഭവന നിർമ്മാണം, ജനറൽ ഹൗസിംഗ് എന്നിവ ഉൾപ്പെടെ) നിലവിലുണ്ട്. ടി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ സ്റ്റേജുകളിലായി പുരോഗമിച്ചു വരുന്നു. |
| ബി) | ആദിവാസി ഭവന നിർമ്മാണത്തിൽ അനധികൃത കരാറുകാരുടെ ഇടപെടൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ഉണ്ട്. |
| സി) | ആദിവാസി ഭവന നിർമ്മാണത്തിൽ കരാറുകാരുടെ ചൂഷണം അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | സി) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന നിർമ്മാണ ധനസഹായം ഗുണഭോക്താക്കൾക്ക് ബാങ്ക് മുഖേനയാണ് നിലവിൽ നൽകി വരുന്നത്. ഗുണഭോക്താക്കൾ നേരിട്ട് തന്നെ ഭവന നിർമ്മാണം നടത്തണമെന്നാണ് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. എന്നിരുന്നാലും ചില |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾ കരാറുകാരെ നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കാറുണ്ട്. ആയതിൽ കരാറുകാരുടെ ചൂഷണം ശ്രദ്ധയിൽപ്പെടുന്നത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ പോലീസിൽ റിപ്പോർട്ട് ചെയ്യാറുണ്ട്.<br>കൂടാതെ ബിനാമി കരാറുകാരുടെ ചൂഷണം അവസാനിപ്പിക്കുവാൻ വയനാട് ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും ട്രൈബൽ സൊസൈറ്റികൾ രൂപീകരിച്ച് പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതികളുടെ നിർവ്വഹണം ടി സൊസൈറ്റികൾ മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ